"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- ഇടുക്കി ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് ഓഫിസിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. കെ. കെ. അയ്യപ്പനെതിരായ അച്ചടക്ക നടപടി- KSRs Part III Rule 59(d) പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.782/2026/LSGD തീയതി,തിരുവനന്തപുരം, 16-03-2026

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ(DD)വകുപ്പിൽ നിന്നുള്ള 22.02.2021-ലെ DD3/238/2020/LSGD നമ്പർ കുറിപ്പ്.
2. ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 10.11.2020-ലെ IW-D1/11/2020-ധന നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.06.2022-ലെ E15/6529/21/CE/LSGD നമ്പർ കത്ത്.
4. 22.12.2022-ലെ EWA4/74/2021-LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ.കെ.കെ.അയ്യപ്പൻ സമർപ്പിച്ച 07.03.23, 07.12.2022, 12.07.25 എന്നീ തീയതികളിലെ മറുപടി.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03-10-2025-ലെ LSGD/PD/25935/2024-VIGB4 നമ്പർ അഭിപ്രായ റിപ്പോർട്ട്.

**ഉത്തരവ്**

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 8/12/2017-ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയ GST തുക കുറവ് ചെയ്ത തുകയ്ക്ക് പ്രോജക്ടുകൾ നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുള്ളതാണെങ്കിലും ടി തീരുമാനത്തിന് വിരുദ്ധമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി രേഖപ്പെടുത്തി കരാറുകാർക്ക് അധിക തുക അനുവദിച്ച് നൽകിയതിന്മേലും പ്രവൃത്തിയുടെ നിർവ്വഹണത്തിലും എസ്റ്റിമേറ്റ് പുതുക്കുന്നതിലും കേരള പി.ഡബ്ല്യൂ.ഡി മാന്വലിലെയും 1997-ലെ കേരള പഞ്ചായത്ത് രാജ് കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെയും നിർദ്ദേശങ്ങൾ പാലിക്കാതെ

കരാറുകാർക്ക് അധിക തുക അനുവദിച്ച് നൽകിയെന്ന പരാമർശം 2 പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ.കെ.കെ.അയ്യപ്പനെതിരെ KSRs Part III, Rule 59(d) പ്രകാരം അച്ചടക്കനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും പരാമർശം 4 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ലഭ്യമാക്കുകയും ചെയ്തിരുന്നു. കുറ്റാരോപിതൻ പരാമർശം 5 പ്രകാരം സമർപ്പിച്ച മറുപടിയിൽ ആരോപണങ്ങൾ നിഷേധിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ഇടുക്കി ബ്ലോക്ക് പഞ്ചായത്തിൽ ഇടുക്കി ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ.കെ.കെ.അയ്യപ്പനെതിരെ KSRs Part III Rule 59(d) പ്രകാരമുള്ള അച്ചടക്കനടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിനായി ശ്രീ.ഡേവിഡ് ജോൺ ഡി മോറിസ്, സൂപ്രണ്ടിംഗ് എഞ്ചിനിയർ, കൊച്ചി കോർപ്പറേഷൻ (In charge of Central Zone)-നെ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ച് ഉത്തരവാകുന്നു.

KCS(CCA)Rules 1960, Manual on Disciplinary Proceedings (MDP) എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരമുള്ള നടപടിക്രമങ്ങൾ എല്ലാം പാലിച്ച് ചാർജ്ജ് മെമ്മോയിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും, വാദിഭാഗം, പ്രതിഭാഗം സാക്ഷിമൊഴികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഔപചാരിക അന്വേഷണ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

കൂടാതെ ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി, അസി.എക്സി.എഞ്ചിനീയറായിരുന്ന ശ്രീ. അഹമ്മദ് കബീർ പി.യു.-വിന്റെ പങ്ക് കൂടി അന്വേഷിച്ച് ടിയാന്റെ ഭാഗത്ത് അച്ചടക്കനടപടിയെടുക്കേണ്ട ഗുരുതരവീഴ്ചകൾ ഉണ്ടായിട്ടുണ്ടോ എന്നതിൽ കൂടി വ്യക്തമായ അഭിപ്രായം റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1) ശ്രീ. ഡേവിഡ് ജോൺ ഡി മോറിസ്, സൂപ്രണ്ടിംഗ് എഞ്ചിനിയർ, കൊച്ചി കോർപ്പറേഷൻ (In charge of Central Zone) (പരാമർശിത രേഖകളുടെ പകർപ്പ് ഉൾപ്പെടെ) (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം).
2) ശ്രീ.കെ.കെ.അയ്യപ്പൻ, അസിസ്റ്റന്റ് എഞ്ചിനീയർ(Rtd),കാവുങ്ങൽ പറമ്പിൽ വീട്, കീഴില്ലം PO, പെരുമ്പാവൂർ (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)
3) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്(തുടർ

നടപടിയ്ക്കായി)

4) അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ് കേരള, തൃശ്ശൂർ)

5) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്,

6) കരുതൽ ഫയൽ /ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Asha. R
Date: 17-03-2026 00:30:37

സെക്ഷൻ ഓഫീസർ